# Desabhimani

## 27 August 2018

## Kozhikode, After Flood, Rebuild Kerala

### പുനർനിർമാണത്തിനായി രംഗത്തിറങ്ങുക: കെഎൻഎം

**കോഴിക്കോട്**

മഹാപ്രളയം തകർത്ത കേരളത്തിന്റെ പുനർ നിർമാണ പ്രവർത്തനത്തിനായി മുഴുവൻ ജനവിഭാഗങ്ങളും രംഗത്തിറങ്ങണമെന്ന് കേരള നദ്‌വത്തുൽ മുജാഹിദീൻ (കെഎൻ എം) സംസ്ഥാന സെക്രട്ടറിയറ്റ് ആവശ്യപ്പെട്ടു.

അടിയന്തര രക്ഷാപ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങൾക്കൊപ്പം പ്രവർത്തിച്ച സന്നദ്ധ സംഘടനകളെയും പ്രവർത്തകരെയും അഭിനന്ദിച്ചു. റിലീഫ് പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ കെഎൻഎം ആസൂത്രണംചെയ്ത പദ്ധതികൾ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമാകണമെന്നും യോഗം അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് ടി പി അബ്ദുല്ലക്കോയ മദനി അധ്യക്ഷനായി. ജനറൽ സെക്രട്ടറി പി പി ഉണ്ണീൻകുട്ടി മൗലവി, എം മുഹമ്മദ് മദനി, നൂർ മുഹമ്മദ് നൂരിഷാ, പ്രൊഫ. എൻ വി അബ്ദുറഹ്മാൻ, എ അസ്ഗറലി, ഡോ. സുൽഫീക്കർ അലി, നാസർ സുല്ലമി എന്നിവർ സംസാരിച്ചു.